**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2381** **16-03-2022 - ൽ മറുപടിയ്ക്ക്**

**കിലയിലെ സ്ഥിരം നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കിലയിലെ സ്ഥിരം നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതിനുള്ള പ്രോപ്പോസലിന്റെ പുരോഗതിയും അത് സംബന്ധിച്ച് ഇത് വരെ സ്വീകരിച്ച നടപടികളും വിശദീകരിക്കാമോ ; | (എ) | 2/12/2015-ൽ ചേർന്ന കിലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി (ഐറ്റം.നം.3) തീരുമാന പ്രകാരം കിലയിലെ എല്ലാ സ്ഥിര നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാക്കാൻ തീരുമാനിക്കുകയുണ്ടായി. കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം സർക്കാരിൽ സമർപ്പിച്ച പ്രൊപ്പോസലിൻമേൽ സർക്കാർ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ കിലയെ Kerala Public Service Commission (Additional Functions as Respects Certain Corporations and Companies) Act, 1970 ന്റേയും Kerala Public Service Commission ( Consultation by Corporation and Companies) Rules, 1971 ന്റെയും പരിധിയിൽ കൊണ്ടുവരുന്നതിനായി നിയമ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും നിയമന ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) രൂപീകരിക്കാനും അഡ്വൈസ് ചെയ്തിട്ടുണ്ട്.. അതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി കിലയിലെ നിലവിലുള്ള എല്ലാ സ്ഥിരം തസ്തികകളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ സർക്കാർ ആവശ്യപ്പെട്ടിരുന്നു. തുടർന്ന്, കൊട്ടാരക്കര മുൻ എസ്.ഐ.ആർ.ഡി, അഗളി മുൻ അഹാഡ്സ് എന്നീ സ്ഥാപനങ്ങൾ കില റീജിണൽ കേന്ദ്രങ്ങൾ ആക്കി പുതിയ ഇന്റഗ്രേറ്റഡ് കിലയ്ക്കുള്ള കിലയുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) തയ്യാറാക്കി നല്കിയത് കില ഗവേർണിംഗ് കൌൺസിൽ അംഗീകാര പ്രകാരം സർക്കാർ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ലോക്കൽസെൽഫ് ഗവർൺമെന്റ് കമ്മീഷനെ കില |

| | | | |
|---|---|---|---|
| | | | ജീവനക്കാർക്കുള്ള ഹ്യൂമൺ റിസോഴ്സ് പോളിസി ഉണ്ടാക്കുവാൻ കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം ചുമതലപെടുത്തുകയും ടി കമ്മീഷൻ തയ്യാറാക്കിയ ഹ്യൂമൺ റിസോ ഴ്സ് പോളിസി ഭേദഗതികളോടെ 17/11/2021 ലെ കില ഗവേണിംഗ് കൌൺസിലിന്റെ അംഗീകാരത്തോടെ സർക്കാരിൽ സമർപ്പിക്കുകയും ആയത് സർക്കാർ പരിശോധിച്ചുവരികയുമാണ്. |
| (ബി) | കിലയിലെ സ്ഥിരം നിയമനങ്ങൾ പി.എസ്.സി ആക്ട് 1971 ന്റെയും പി.എസ്.സി റൂൾസ് 1971 ന്റെയും പരിധിയിൽ കൊണ്ടു വരുന്നതിന് നിയമന ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | കിലയിലെ സ്ഥിരം നിയമനങ്ങൾ പി.എസ്.സി ആക്ട് 1971 ന്റെയും പി.എസ്.സി റൂൾസ് 1971 ന്റെയും പരിധിയിൽ കൊണ്ടു വരുന്നതിന് സ്പെഷ്യൽറൂൾസ് രൂപീകരിച്ചിട്ടില്ല. |
| (സി) | സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും വിഹിതം ലഭിക്കുന്ന കിലയ്ക്ക് നിയമസഭയോട് അക്കൗണ്ടബിലിറ്റി ഉണ്ടാക്കുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ